"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കല്ലുമ്മേക്കായ കൃഷിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനായി വിദഗ്ധ സമിതിയെ രൂപീകരിച്ച് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ(സി)വകുപ്പ്**

സ.ഉ.(സാധാ) നം.403/2024/F&P തീയതി,തിരുവനന്തപുരം, 20-07-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.327/2024/മതുവ തീയതി 25.06.2024

2. ഫിഷറീസ് ഡയറക്ടറുടെ 18.07.2024 തീയതിയിലെ ഡിഎഫ് ടി വി എം/1835/2023-സി1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കല്ലുമ്മക്കായ് കൃഷിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനായി ഒരു വിദഗ്ധ സമിതിയെ രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പരാമർശം (1) പ്രകാരമുള്ള ഉത്തരവിൽ സമിതിയുടെ കൺവീനറെ നിശ്ചയിച്ചിട്ടില്ല .ആയതിനാൽ ഇൻലാൻഡ് ,ഫിഷറീസ്ജോയിന്റ് ഡയറക്ടറെ കൺവീനറായും ഡെപ്യൂട്ടി ഡയറക്ടർ കാസർകോട് , ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (2)പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിഷയടമായി പരിശോധിച്ചു. കല്ലുമ്മേക്കായ കൃഷിമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനായി ഇൻലാൻഡ് ,ഫിഷറീസ് ജോയിന്റ് ഡയറക്ടറെ കൺവീനറായും ഡെപ്യൂട്ടി ഡയറക്ടർ,കാസർകോട് , ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി പരാമർശം (1) ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

3) പരാമർശം (1) ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**K S SRINIVAS**
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം.
ബന്ധപ്പെട്ട വ്യക്തികൾക്ക്( ഫിഷറീസ് ഡയറക്ടർ മുഖേന)
ശ്രീ.ടി പുരുഷോത്തമൻ,ആസാദ് ഭവൻ,പയ്യന്നൂർ,കണ്ണൂർ-670307
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ,വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ